**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5922** **09-07-2024 - ൽ മറുപടിയ്ക്ക്**

**പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സേവനത്തിൽ ഇരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ പതിനൊന്നാം ശമ്പളപരിഷ്കരണ കുടിശിക അവരുടെ ആശ്രിതർക്ക് ഈ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സേവനത്തിലിരിക്കെ 31.05.2021 വരെയുള്ള കാലയളവിൽ മരണമടഞ്ഞ ജീവനക്കാരുടെ പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശിക പ്രസ്തുത ജീവനക്കാരുടെ ആശ്രിതർക്ക് ഒറ്റത്തവണയായി അനുവദിച്ചുകൊണ്ട് 19.12.2023-ലെ സ.ഉ.(അ) നം. 121/2023/(46)/ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | 31.5.2021ന് ശേഷം മരണമടഞ്ഞ ജീവനക്കാരുടെ പതിനൊന്നാം ശമ്പളപരിഷ്കരണ കുടിശ്ശിക അവരുടെ ആശ്രിതർക്ക് അനുവദിച്ച നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ബി) | 31.05.2021-ന് ശേഷം മരണമടഞ്ഞ ജീവനക്കാരുടെ പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശിക അവരുടെ ആശ്രിതർക്ക് അനുവദിച്ച നൽകുന്ന വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) | പ്രസ്തുത ജീവനക്കാരുടെ പതിനൊന്നാം ശമ്പളപരിഷ്കരണ കുടിശ്ശിക അവരുടെ ആശ്രിതർക്ക് അനുവദിച്ച് നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | 31.05.2021-ന് ശേഷം മരണമടഞ്ഞ ജീവനക്കാരുടെ പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശിക അവരുടെ ആശ്രിതർക്ക് അനുവദിച്ച നൽകുന്ന വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - പതിനൊന്നാം ശമ്പള പരിഷ്കരണം- 01.07.2019 മുതൽ 31.05.2021 വരെയുള്ള കാലയളവിൽ സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (അനോമലി റെക്ടിഫിക്കേഷൻ സെൽ) വകുപ്പ്**

**സ.ഉ (അച്ചടി) നം.121/2023/(46)/ധന.** **തിരുവനന്തപുരം, തീയതി,19/12/2023**

---

പരാമർശം - 1. സ.ഉ (അ) നം.27/2021/ധന. തീയതി 10.02.2021

2. സ.ഉ (അ) നം. 70/2021/(1)/ധന തീയതി 30.04.2021

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അധ്യാപകരുടേയും ശമ്പള സ്കെയിലുകൾ 01.07.2019 പ്രാബല്യത്തിൽ പരിഷ്കരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ്വ പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ 01.07.19 മുതൽ സർവ്വീസിൽ നിന്നും വിരമിച്ചവർക്കും വിരമിക്കലിനു മുന്നോടിയായി പി.എഫ് അവസാനിപ്പിച്ചവർക്കും ശമ്പള പരിഷ്കരണ കുടിശ്ശിക ഒറ്റത്തവണയായി ജൂൺ മാസത്തെ പെൻഷനോടൊപ്പം/മെയ് മാസത്തെ ശമ്പളത്തോടൊപ്പം അനുവദിച്ച് കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട് . എന്നാൽ പ്രസ്തുത ഉത്തരവിൽ ടി കാലയളവിൽ സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം ഒന്നും ഉണ്ടായിരുന്നില്ല ആയതിനാൽ സേവനത്തിലിരിക്കെ മരണമടഞ്ഞവരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചു നൽകണമെന്ന് അവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേക്ക് നിരവധി നിവേദനങ്ങൾ ലഭ്യമായിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു 01/07/2019 മുതൽ 31/05/2021 വരെയുള്ള കാലയളവിൽ സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ അർഹമായ സേവന കാലയളവിലെ ശമ്പള പരിഷ്കരണ കുടിശ്ശിക പ്രസ്തുത ജീവനക്കാരുടെ ആശ്രിതർക്ക്

നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഒറ്റത്തവണയായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.സോഫിയ**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ് :-

1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
2) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരള, തിരുവനന്തപുരം.
3) സെക്രട്ടേറിയറ്റിലെ പൊതുഭരണം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും എല്ലാ സെക്ഷനുകൾക്കും
4) എല്ലാ വകുപ്പുകൾക്കും വകുപ്പുതലവൻമാർക്കും.
5) എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി / ഡെപ്യൂട്ടി സെക്രട്ടറി / അണ്ടർ സെക്രട്ടറിമാർ.
6) ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
7) ചീഫ് പ്രോജക്ട് മാനേജർ , സ്പാർക്ക് പിഎംയു
8) നോഡൽ ഓഫീസർ, www.finance.kerala.gov.in, ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
9) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
10) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി **(E-2596303)**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**